**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2531** **17-03-2022 - ൽ മറുപടിയ്ക്ക്**

**ബിനാമി ഭാഗ്യക്കുറി ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭാഗ്യക്കുറിയുടെ ഒരു ദിവസം നറുക്കെടുക്കുന്ന ടിക്കറ്റിൽ പരമാവധി എത്ര എണ്ണമാണ് ഒരു ഏജൻസിക്ക് അനുവദിച്ചുനൽകുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ പല പ്രമുഖ ലോട്ടറി ഏജൻസികളും അനുവദനീയമായതിന്റെ പലമടങ്ങ് ടിക്കറ്റുകൾ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ബിനാമി ഏജൻസികൾ മുഖേന വാങ്ങി കച്ചവടം ചെയ്യുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | സാധാരണ ഗതിയിൽ ഒരു ഏജൻസിയ്ക്ക് പരമാവധി 48,000 ടിക്കറ്റുകളാണ് അനുവദിച്ചുനൽകുന്നത്. എന്നാൽ ക്ലബ് ചെയ്തിട്ടുള്ള ഏജൻസിയ്ക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 96,000 ടിക്കറ്റുകൾ വരെ അനുവദിക്കുന്നുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ ആക്ഷേപത്തിന്റെ ഭാഗമായി ഏതെങ്കിലും ജീവനക്കാരെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സ്ഥലം മാറ്റിയിരുന്നോ; ഏതൊക്കെ ഓഫീസുകളിൽ പ്രവർത്തിച്ചിരുന്ന ജീവനക്കാരെയാണ് ഇപ്രകാരം സ്ഥലംമാറ്റിയത്; പ്രസ്തുത ജീവനക്കാർക്ക് പഴയ ഓഫീസുകളിലേക്ക് വീണ്ടും നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥർക്കും അവരുടെ ഉറ്റ ബന്ധുക്കൾക്കും ലോട്ടറി ഏജൻസി ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 2005-ലെ കേരള പേപ്പർ ലോട്ടറി നിയമമനുസരിച്ചും 2008-ലെ ഭേദഗതി നിയമമനുസരിച്ചും ഭാഗ്യക്കുറി വകുപ്പിലെ ജീവനക്കാരുടെ ബന്ധുക്കൾക്ക് ലോട്ടറി ഏജൻസി നൽകുവാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ഏജൻസിയ്ക്കുള്ള അപേക്ഷകളിൽ ജീവനക്കാരന്റെ ബന്ധുവാണോയെന്ന് രേഖപ്പെടുത്തേണ്ടതില്ലാത്തതിനാൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമല്ല. |
| (ഡി) | ലോട്ടറി വകുപ്പിലെ ഉദ്യോഗസ്ഥർ ഒരു ടിക്കറ്റിന് അൻപത് പൈസ നിരക്കിൽ കമ്മീഷൻ കൈപ്പറ്റി ലക്ഷക്കണക്കിന് ടിക്കറ്റുകൾ ബിനാമി ഏജൻസി | (ഡി) | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | മുഖേന സംസ്ഥാനത്തെ പ്രമുഖ ലോട്ടറി ഏജൻസികൾക്ക് വാങ്ങി നൽകുന്നു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ